**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻക്കര നഗരസഭ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ടെണ്ടർ നടപടി പൂർത്തീകരിച്ച പുതിയ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (എ) | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ എല്ലാ വീടുകളിലേയ്ക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ പുതിയ 16 Mld ജലശുദ്ധീകരണശാലയും, ഉപരിതല സംഭരണികളും, പമ്പ്സെറ്റുകളും ട്രാൻസ്ഫോർമറുകളും, തടയണയും ഉൾപ്പെടെയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും, അർബൻ അഗ്ലോമറേഷനിലുൾപ്പെടുത്തി ഈ പദ്ധതിയ്ക്ക് 21.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, ടെണ്ടർ നടപടികൾ പൂർത്തിയാക്കി 28.11.2023 ന് കരാർ നല്കിയിട്ടുമുണ്ട്. ജലശുദ്ധീകരണശാലയുടെ അന്തിമ ഡിസൈൻ അംഗീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഡിസൈൻ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും. ഒന്നര വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ